"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനീയറിംഗ് വിഭാഗം- കോഴിക്കോട് കോർപറേഷനിലുൾപ്പെട്ട ബേപ്പൂർ സോണൽ ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽപരിശോധന- കുറ്റാരോപിതർക്കെതിരെ അച്ചടക്കനടപടി- 1960ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരമുള്ള ഔപചാരിക അന്വേഷണം- അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.890/2026/LSGD തീയതി,തിരുവനന്തപുരം, 19-04-2026

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 31.10.2022-ലെ E13-(SC-36/2022/NRK)32630/2022 നമ്പർ റിപ്പോർട്ട്
2. 02.02.2023-ലെ EWA2/83/2022-LSGD നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
3. മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. വി.ടി. ആസിഫ് അലി 01.03.2024 തീയതിയായി സമർപ്പിച്ച പ്രതിവാദപത്രിക

**ഉത്തരവ്**

കോഴിക്കോട് കോർപറേഷനിലുൾപ്പെട്ട ബേപ്പൂർ സോണൽ ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിലെ കണ്ടെത്തലുകളുടെയും വിജിലൻസ് ശിപാർശയുടെയും അടിസ്ഥാനത്തിൽ, ബേപ്പൂർ സോണൽ ഓഫീസ് മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. വി.ടി. ആസിഫ് അലി (PEN-496842)-യ്ക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്കനടപടി ആരംഭിച്ച് പരാമർശം 2 കുറ്റപത്രം/ കുറ്റാരോപണപത്രിക നൽകി. കുറ്റാരോപിതൻ കുറ്റങ്ങൾ നിഷേധിച്ചുകൊണ്ട് പരാമർശം 3 പ്രതിവാദപത്രിക ലഭ്യമാക്കി.

2. ചട്ടപ്രകാരമുള്ള നടപടിക്രമത്തിന്റെ ഭാഗമായി, ബേപ്പൂർ സോണൽ ഓഫീസ് മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. വി.ടി. ആസിഫ് അലി-യ്ക്കെതിരെയുള്ള അച്ചടക്ക നടപടിയിൽ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും

അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി കോഴിക്കോട് ജില്ലാ പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സൂരജ് പി.ജി.(PEN:440113)-യെ അന്വേഷണ ഉദ്യോഗസ്ഥനായി നിയോഗിച്ച് ഉത്തരവാകുന്നു.

**3. 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ, Manual of Disciplinary Proceedings എന്നിവയിൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് കുറ്റപത്രം / കുറ്റാരോപണപത്രികയിൽ ആരോപിച്ചിട്ടുള്ള കുറ്റവുമായി ബന്ധപ്പെട്ട കണ്ടെത്തലുകളും അതിന് ആധാരമായ രേഖകളും വാദിഭാഗം, പ്രതിഭാഗം, സാക്ഷിമൊഴികൾ, അന്വേഷണ ഉദ്യോഗസ്ഥന്റെ അഭിപ്രായം എന്നിവയെല്ലാം ഉൾപ്പെടുത്തിയുള്ള ഒരു ഔപചാരിക അന്വേഷണ റിപ്പോർട്ട് അന്വേഷണ ഉദ്യോഗസ്ഥൻ 45 ദിവസങ്ങൾക്കകം സമർപ്പിക്കേണ്ടതാണ്.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DIPUKUMAR S L

അണ്ടർ സെക്രട്ടറി

1. ശ്രീ. സൂരജ് പി.ജി.(PEN:440113), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോഴിക്കോട് ജില്ലാ പഞ്ചായത്ത്
2. ശ്രീ. വി.ടി. ആസിഫ് അലി (PEN-496842), അസിസ്റ്റന്റ് എഞ്ചിനീയർ
   **(1, 2 ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
   **(ഉത്തരവ് പ്രകാരമുള്ള അടിയന്തര തുടർനടപടികൾ സ്വീകരിക്കുന്നതിനായി)**
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
5. സ്റ്റോക്ക് ഫയൽ (EWA2/83/2022-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 20-04-2026 12:20:34
സെക്ഷൻ ഓഫീസർ